പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3669**

30.01.2014 ൽ മറുപടിയ്ക്ക്

**ചിതറ വണ്ടികിടക്കുംപൊയ്ക ശ്രീ. വിജയൻ നൽകിയ പരാതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ചിതറ പഞ്ചായത്തിൽ മാങ്കോട് വില്ലേജിൽ വണ്ടികിടക്കുംപൊയ്ക, പുതുവൽവിളവീട്ടിൽ ശ്രീ. വിജയൻ, അദ്ദേഹത്തിന്റെ ഭാര്യ ആത്മഹത്യ ചെയ്ത തുമായി ബന്ധപ്പെട്ട് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടോ; | (എ) | മരണപ്പെട്ട ഷീജയുടെ ഭർത്താവ് ശ്രീ. വിജയൻ 27.09.2013-ൽ ഒരു പരാതി നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പരാതിയിൽ ആരുടെയൊക്കെ പേരുകളാണ് മരണത്തിനുത്തരവാദി കളായി പരാമർശിച്ചിട്ടുള്ളതെന്ന് അറിയി ക്കുമോ; | (ബി) | പരാതിയിൽ നവീൻ എന്നയാളെ എതിർ കക്ഷിയായി പരാമർശിച്ചിട്ടുണ്ട്. |
| (സി) | മരണപ്പെട്ട ഷീജയുടെ സ്വർണ്ണാഭരണ ങ്ങളും, പണവും കവർന്നെടുക്കുകയും, വീട്ടിൽക്കയറി ഭർത്താവിന്റെയും മക്കളു ടെയും സാന്നിദ്ധ്യത്തിൽ ബലാത്സംഗ ത്തിന് ശ്രമിക്കുകയും ചെയ്തതായി പരാതി യിൽ സൂചിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് ഈ കൃത്യം ചെയ്തതെന്ന് പോലീസ് അന്വേഷിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; | (സി) | പരാതിയിൽ ഇത്തരത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനെപ്പറ്റി ശ്രീ. വിജയന്റെ കുട്ടികളോട് (ഡിങ്കിൾ, ഡാനിഷ്) ചോദിച്ചതിൽ അപ്രകാര മുള്ള സംഭവം ഉണ്ടായിട്ടില്ല എന്ന് വെളിവാ യിട്ടുള്ളതുമാണ്. ഷീജയും നവീനുമായുള്ള ബന്ധം ഭർത്താവായ വിജയൻ അറിഞ്ഞ തിലും മക്കളുടെ മുന്നിൽവച്ച് ഷീജയെ വഴക്കു പറഞ്ഞതിലും ടി ബന്ധത്തെപ്പറ്റി നേരത്തെ പോലീസിൽ പരാതി കൊടുത്തതി ലുമുള്ള മനോവിഷമത്താൽ ഷീജ വിഷം കഴിച്ച് ആത്മഹത്യ ചെയ്തതാണെന്ന് വെളിവായിട്ടുണ്ട്. |

.....2

| | | | |
|---|---|---|---|
| (ഡി) | ഈ കേസിൽ ആരെയെങ്കിലും ചോദ്യം ചെയ്യുകയോ അറസ്റ്റ് ചെയ്യുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ നാളിതുവരെ പോലീസ് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ഡി) | ഷീജയുടെ മരണം സംബന്ധിച്ച് കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം 154/13 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പതിനഞ്ചുപേരെ കണ്ടുചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. പ്രസ്തുത പരാതിയിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സൂക്ഷ്മമായ പരിശോധന നടത്തി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഇ) | ലോക്കൽ പോലീസ് കേസന്വേഷണത്തിൽ ഗുരുതരമായ അനാസ്ഥ കാണിച്ചതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | മറ്റേതെങ്കിലും അന്വേഷണ ഏജൻസിയെ ക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കുന്ന തിനും കുറ്റവാളികളെ കണ്ടെത്തുന്ന തിനും നടപടി സ്വീകരിക്കുമോ; വ്യക്തമാ ക്കുമോ ? | (എഫ്) | അന്വേഷണത്തിൽ വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ മറ്റ് അന്വേഷണ ഏജൻസിയെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കുന്ന കാര്യം പരിഗണന യിലില്ല. |

സെക്ഷൻ ഓഫീസർ